"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ - ശുചിത്വമിഷൻ സംസ്ഥാന ബഡ്ജറ്റ് വിഹിതം - ബ്രഹ്മപുരം ലെഗസി വേസ്റ്റ് ബയോമൈനിംഗിന് നടത്തുന്നതിന് 6 കോടി രൂപയുടെ ഭരണാനുമതിയും ധനാനുമതിയും നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.231/2022/LSGD തീയതി,തിരുവനന്തപുരം, 04-02-2022

---

പരാമർശം:- (1) ജി.ഒ.(ആർ.റ്റി) നം.1572/21/എൽ.എസ്.ജി.ഡി. തീയതി 16.08.2021.

(2) ജി.ഒ.(ആർ.റ്റി.) നം.1918/2021/എൽ.എസ്.ജി.ഡി. തീയതി 05.10.2021.

(3) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.02.2022-ലെ 2463/ഡി1/2021/എസ്.എം. നമ്പർ കത്ത്.

**ഉത്തരവ്**

പരാരമർശം (1)-ലെ ഉത്തരവ് പ്രകാരം ശുചിത്വ മിഷന്റെ സംസ്ഥാന സർക്കാർ പദ്ധതിയായ ശുചിത്വ കേരളം (നഗരം) പദ്ധതിയിൽ 2217-80-800-71 (P) ശീർഷകത്തിൽ 22.33 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട് . പരാമർശം (2)-ലെ ഉത്തരവ് പ്രകാരം 13.25 കോടി രൂപ അനുവദിക്കുകയും 6.5 കോടി രൂപയുടെ അലോട്ട്മെന്റ് വിവിധ തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിരിക്കുന്നു.

2. പരാമർശം (1)-ലെ ഉത്തരവിന്റെ 7-ാമത്തെ ഇനമായി 4 കോടി രൂപ ലെഗസി വേസ്റ്റ് ബയോമൈനിംഗിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം കൊച്ചി കോർപ്പറേഷന്റെ ബ്രഹ്മപുരം പ്ലാന്റിലെ ലെഗസി വേസ്റ്റ് ബയോമൈനിംഗ് നടത്തുന്നതിനായി ശുചിത്വ കേരളം (നഗരം) ഫണ്ടിൽ നിന്ന് 4 കോടി രൂപ കൊച്ചി കോർപ്പറേഷന് അനുവദിക്കുന്നതിലേയ്ക്ക് ഉത്തരവാകണമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. 03.02.2022-ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് മേൽ വിഷയം പരിഗണിക്കുകയും നിലവിൽ ശുചിത്വ കേരളം (നഗരം)ന്റെ 2217-80-800-71 (P) ശീർഷകത്തിൽ ലഭ്യമായ 6.75 കോടി രൂപയിൽ നിന്നും 6 കോടി രൂപ ബ്രഹ്മപുരം ലെഗസി വേസ്റ്റ് ബയോമൈനിംഗിന് അലോട്ട്മെന്റായി കൊച്ചി കോർപ്പറേഷന് നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ശുചിത്വ കേരളം (Urban) ന്റെ 2217-80-800-71 ശീർഷകത്തിൽ ലഭ്യമായ 6.75 കോടി രൂപയിൽ നിന്നും 6 കോടി രൂപ ബ്രഹ്മപുരം ലെഗസി വേസ്റ്റ് ബയോമൈനിംഗിന് അലോട്മെന്റായി കൊച്ചി കോർപ്പറേഷന് നൽകാൻ ഭരണാനുമതിയും ധനാനുമതിയും നൽകി ഉത്തരവാകുന്നു. ടി തുക അലോട്മെന്റാകുന്ന മുറക്ക് കൊച്ചി കോർപ്പറേഷൻ സെക്രട്ടറിക്ക് ട്രഷറിയിൽ നിന്നും ബിൽ മുഖേന മാറാവുന്നതാണ്.

5. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് ടി തുക ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.